G3/6257/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 11.02.2020

# പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -പഠനയാത്ര / വിനോദയാത്ര -അനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന :- 1 .കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശം
2 .ഈ ഓഫീസിലെ 04 .02 .2020 ലെ ജി 4 / 5155 / 2020 നമ്പർ സർക്കുലർ

*********

കൊറോണ വൈറസ് പ്രതിരോധ നടപടിയുടെ ഭാഗമായി വകുപ്പിന് കീഴിലുള്ള കോളേജുകളുടെ പഠനയാത്ര / വിനോദയാത്ര ടി പ്രത്യക സാഹചര്യം പരിഗണിച്ച് ഒഴിവാക്കിയിരുന്നു.എന്നാൽ കൊറോണ വൈറസ് ബാധ സംസ്ഥാനത്ത് ദേശീയ ദുരന്തമായി പ്രഖ്യാപിച്ചിരുന്നത് പിൻവലിച്ചിട്ടുണ്ട് .

ഈ സാഹചര്യത്തിലും,അവസാന വർഷ ബിരുദ/ബിരുദാന്തര വിദ്യാർത്ഥികളുടെ സിലബസ് പ്രകാരമുള്ള പഠനയാത്ര നടത്തേണ്ടതിനാലും; ആയതിനു നൽകിയിട്ടുള്ള പ്ലാൻ ഫണ്ട് ചെലവഴിക്കപ്പെടേണ്ടത് ഉള്ളതിനാലും താഴെ പറയുന്ന നിബന്ധനകളോടെ പഠനയാത്ര നടത്താവുന്നതാണ്

1. പഠനയാത്രയിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികൾക്ക് ആർക്കെങ്കിലും അസുഖങ്ങളോ മറ്റ് പകർച്ച വ്യാധികളോ ഉള്ള പക്ഷം അവരെ ടൂറിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
2. ആയത് പ്രിൻസിപ്പാൾ പ്രത്യേകം ശ്രദ്ധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് .
3. പകർച്ച വ്യാധി സംബന്ധിച്ച് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച മുൻകരുതൽ നടപടികൾ പാലിച്ചായിരിക്കണം യാത്രകൾ നടത്തേണ്ടതും,കുടിവെള്ളം / ഭക്ഷണം / താമസസൗകര്യം എന്നിവ ക്രമീകരിക്കേണ്ടതും.
4. പ്രസ്തുത പഠനയാത്രകൾക്ക് വിദ്യാർഥികളുടെ രക്ഷിതാവിൽ നിന്ന് സമ്മത പത്രം വാങ്ങിയിരിക്കേണ്ടതാണ്.
5. വിനോദയാത്രകൾക്കും ടി നിബന്ധനകൾ ബാധകമാണ്.

Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 11.02.2020
Reason: Approved

ഒപ്പ്/-
**ഡോ.സുമ കെ.കെ**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പ്രൈവറ്റ് / എയ്‌ഡഡ് കോളേജുകളെ അറിയിക്കുന്നതിലേക്കായി )

2 .എല്ലാ ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾ മാർക്കും